ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ അഭിഭാഷക സമൂഹം പാർശ്വവത്കൃതരുടെ സാമൂഹ്യ നീതിക്കായി പ്രവർത്തിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Draupadi Murmu said that the legal community of the country needs to work for social justice for marginalized sections.**

2. ജമ്മു കാശ്മീരിലേയും ഹരിയാനയിലേയും നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ; മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത് സജീവം.

   **Political parties intensified campaigning for assembly elections in Jammu and Kashmir and Haryana; senior leaders are active in campaigning.**

3. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കീ ബാത്ത് നാളെ.

   **Prime Minister Narendra Modi's monthly radio talk show Mann Ki Baat tomorrow.**

4. മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര വ്യോമയാന മന്ത്രി കെ. റാം മോഹൻ നായിഡുവുമായി കൂടിക്കാഴ്ച നടത്തി.

   **Chief Minister Pinarayi Vijayan had a meeting with Union Civil Aviation Minister K. Ram Mohan Naidu.**

5. നെഹ്റു ട്രോഫി വള്ളം കളിയിൽ കാരിച്ചാൽ ചുണ്ടൻ ജേതാവ് ; കാരിച്ചാലിന്റേത് 16-ാമത് കിരീട നേട്ടം.

   **Karichal Chundan won the Nehru Trophy boat race; Karichal's 16th title.**

6. ഇന്ത്യ- ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിയിൽ ഇന്നത്തെ കളി മഴ മൂലം ഉപേക്ഷിച്ചു; ഐ എസ് എല്ലിൽ ജംഷഡ്പൂരിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ഒഡീഷ പരാജയപ്പെടുത്തി.

**Today's match in the India-Bangladesh Test cricket series has been called off due to rain; Odisha FC defeated Jamshedpur FC by 2-1 in ISL football.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## DAY PREZ TELANGANA

രാജ്യത്തെ അഭിഭാഷക സമൂഹം പാർശ്വവത്കൃതരുടെ സാമൂഹ്യ നീതിക്കായി പ്രവർത്തിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. രാജ്യത്തെ വനിതാ അഭിഭാഷകരും നിയമ വിദ്യാർത്ഥികളും രാജ്യവ്യാപകമായി ഒരു ശൃംഖല രൂപീകരിച്ച് ഇതിനായി പ്രവർത്തിക്കണമെന്നും രാഷ്ട്രപതി ആഹ്വാനം ചെയ്തു. ഹൈദരാബാദിലെ നൽസാർ യൂണിവേഴ്സിറ്റി ഓഫ് ലോ യുടെ 21 ആമത് ബിരുദദാന ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ ഉത്കണ്ഠ രേഖപ്പെടുത്തിയ രാഷ്ട്രപതി, അതിക്രമങ്ങൾക്കെതിരെ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ഹൈദരാബാദിൽ എത്തിയ രാഷ്ട്രപതിയെ തെലങ്കാന ഗവർണർ ജിഷ്ണു ദേവ് വർമ്മയും മുഖ്യമന്ത്രി എ. രേവന്ത് റെഡ്ഡിയും ചേർന്നാണ് സ്വീകരിച്ചത്. സെക്കന്തരാബാദിലെ രാഷ്ട്രപതി നിലയത്തിൽ സംഘടിപ്പിക്കുന്ന ഭാരതീയ കല മഹോത്സവിന്റെ ഉദ്ഘാടനവും ശ്രീമതി മുർമു നിർവഹിച്ചു. എട്ട് ദിവസം നീണ്ടുനിൽക്കുന്ന കലാ മഹോത്സവത്തിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ കല, സംസ്കാരം, കരകൗശല വസ്തുക്കൾ എന്നിവ പ്രദർശിപ്പിക്കും. എട്ട് സംസ്ഥാനങ്ങളിലെ ഗവർണർമാരും കേന്ദ്രമന്ത്രിമാരും പരിപാടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 114 - ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലൂടെയും പരിപാടി തത്സമയം

കേൾക്കാവുന്നതാണ്. തുടർന്ന് പരിപാടിയുടെ മലയാളം പരിഭാഷയും ഉണ്ടായിരിക്കും. മൂന്നാമത്തെ

തവണ പ്രധാനമന്ത്രിയായി അധികാരമേറ്റ ശേഷമുള്ള നാലാമത് മൻ കീ ബാത്ത് പ്രഭാഷണ പരിപാടിയാണ് നാളെ നടക്കുന്നത്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## JK and Haryana Election (INTRO)

ജമ്മുകശ്മീരിലെയും ഹരിയാനയിലേയും നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള പ്രചാരണം ഊർജ്ജിതമാക്കി

രാഷ്ട്രീയപാർട്ടികൾ. ജമ്മുകശ്മീരിൽ ചൊവ്വാഴ്ച മൂന്നാം ഘട്ട തിരഞ്ഞെടുപ്പ് നടക്കുമ്പോൾ ഹരിയാനയിൽ അടുത്തമാസം അഞ്ചിനാണ് ഒറ്റ ഘട്ട തിരഞ്ഞെടുപ്പ്. പ്രധാനമന്ത്രി ജമ്മു കാശ്മീരിലും ഹരിയാനയിലും ഇന്ന് തിരഞ്ഞെടുപ്പ് റാലികളിൽ

പങ്കെടുത്തു.

**വിശദാംശങ്ങളിലേക്ക്....... (വോയ്സ്)**

## JK and Haryana Election (VOICE)

ജമ്മുകശ്മീരിലെ 40 നിയമസഭാ മണ്ഡലങ്ങളിലേക്കാണ് മൂന്നാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുക. വിവിധ രാഷ്ട്രീയ പാർട്ടികളിലെ പ്രമുഖ നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ

നരേന്ദ്രമോദി ജമ്മുവിൽ ഇന്ന് റാലിയെ അഭിസംബോധന ചെയ്യും.

ജമ്മു കശ്മീരിലെ ജനങ്ങൾക്ക് സമാധാനവും വരും തലമുറയ്ക്ക് നല്ല ഭാവിയും വേണമെന്നും തെരഞ്ഞെടുപ്പിന്റെ അവസാന രണ്ട് ഘട്ടങ്ങളിലെ വൻ വോട്ടിംഗ് ഇതിന് തെളിവാണെന്നും അദ്ദേഹം റാലിയെ അഭിസംബോധന ചെയ്തു പറഞ്ഞു. കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധിയും ജമ്മു കശ്മീരിലെ ബിഷ്നയിൽ പൊതുപരിപാടികളിൽ പങ്കെടുത്തു സംസാരിച്ചു. തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ രാഷ്ട്രീയ പാർട്ടികളിലെ മുതിർന്ന നേതാക്കളെല്ലാം പ്രചാരണ രംഗത്തുണ്ട്. ബി ജെ പി ദേശീയ അധ്യക്ഷൻ ജെ പി നദ്ദ ഇന്നലെ കത്വയിൽ റാലിയിൽ പങ്കെടുത്തു. 90 അംഗ നിയമസഭാ സീറ്റുകളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്ന ഹരിയാനയിൽ ഇന്നലെ ബിജെപിയിലെ മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തരമന്ത്രിയുമായ അമിത്ഷാ മൂന്ന് പൊതുപരിപാടികളിൽ പങ്കെടുത്തു. കോൺഗ്രസ് നേതാവ് കുമാരി സെൽജയും ഇന്നലെ പ്രചാരണ റാലികളിൽ പങ്കെടുത്തു. ആംആദ്മി പാർട്ടി നേതാക്കളും പ്രചാരണ രംഗത്ത് സജീവമാണ്.

**ന്യൂസ് ഡെസ്ക് ആകാശവാണി......**

&&&&&&&&&&&&&&&&&&

## HARYANA CAMPAIGNING

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി തിരഞ്ഞെടുപ്പ് പ്രകടന പത്രിക പുറത്തിറക്കി കോൺഗ്രസ്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പുറത്തിറക്കിയ പ്രകടന പത്രികയിൽ 7 വാഗ്ദാനങ്ങളാണ് പ്രധാനമായും മുന്നോട്ട് വെച്ചിരിക്കുന്നത്.സ്ത്രീകൾക്ക് പ്രതിമാസം 2000 രൂപയും 25 ലക്ഷം രൂപ വരെ സൗജന്യ ചികിത്സയും കോൺഗ്രസ് വാഗാദാനം ചെയ്യുന്നു .സത്ലജ്-യമുന ലിങ്ക് നാലിൽ നിന്ന് ഹരിയാനയ്ക്ക് വെള്ളം നൽകാമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## BIHAR GIRIRAJ SINGH

ഗ്രാമീണ മേഖലകളിൽ നിന്നുള്ള കരകൗശല വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ നിർമ്മിത ബുദ്ധി , 3 ഡി പോലുള്ള നൂതനസാങ്കേതികവിദ്യകൾ അവലംബിക്കണമെന്ന് കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രി ഗിരിരാജ് സിംഗ് . രാജ്യത്ത് ഈ വർഷം 60,000 കോടി രൂപയുടെ കൈത്തറി, കരകൗശല വസ്തുക്കൾ കയറ്റുമതി ചെയ്യാനാണ് കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. കരകൗശല വസ്തുക്കളുടെ കയറ്റുമതി പ്രമോഷൻ കൗൺസിലിൻ്റെ ആദ്യ ഓഫീസ് പാട്നയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&

## MoS STEEL AND HEAVY INDUSTRIES

ഉരുക്ക് ഉൽപ്പാദനരംഗത്ത് ഇന്ത്യ ആഗോളതലത്തിൽ രണ്ടാം സ്ഥാനത്താണെന്ന് കേന്ദ്ര സഹമന്ത്രി ഭൂപതിരാജു ശ്രീനിവാസ.144 ദശലക്ഷം ടണ്ണാണ് ഇന്ത്യയുടെ ഉദ്പാദനശേഷിയെന്നും മന്ത്രി പറഞ്ഞു . ഹരിത ഉരുക്ക് ഉൽപ്പാദനത്തെക്കുറിച്ച് ന്യൂഡൽഹിയിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നൂതന സങ്കേതിക വിദ്യയുടെ സഹായത്തോടെ കുറഞ്ഞ തോതിലുള്ള കാർബർ ബഹിർഗമനത്തിലൂടെ രാജ്യത്തെ ഉരുക്ക് ഉത്പാദനം രണ്ട് ബില്യൺ ടണ്ണായി വർദ്ധിച്ചതിൽ അദ്ദേഹം സന്തോഷം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## Israel-Hezbollah

വെള്ളിയാഴ്ച ബെയ്റൂട്ടിൽ നടത്തിയ ആക്രമണത്തിൽ ഹിസ്ബുല്ല നേതാവ് ഹസൻ നസ്റല്ലയെ വധിച്ചതായി ഇസ്രായേൽ പ്രതിരോധ സേന അവകാശപ്പെട്ടു. ലോകത്തെ ഭയപ്പെടുത്താൻ ഇനി ഹസൻ നസ്റല്ലയ്ക്ക് കഴിയില്ലെന്ന് ഇസ്രായേൽ സാമൂഹ്യമാധ്യമത്തിൽ പങ്കുവെച്ച പ്രസ്താവനയിൽ

പറയുന്നു. നസ്റല്ലയെയും മറ്റ് ഹിസ്ബുള്ള കമാൻഡർമാരെയും ലക്ഷ്യം വെച്ചു ബെയ്റൂട്ടിൽ നടത്തിയ ആക്രമണ പരമ്പരയെ തുടർന്നാണ് ഇസ്രായേൽ പ്രസ്താവന പങ്കുവെച്ചത്. എന്നാൽ ഇത് സംബന്ധിച്ച് ഹിസ്ബുള്ള പ്രതികരിച്ചിട്ടില്ല.

&&&&&&&&&&&&&&&&&&

## ISRAEL- ICJ

ഗാസയിലെ ഫലസ്തീൻ ജനതയ്ക്ക് ആവശ്യമായ അടിസ്ഥാന ഭക്ഷണസാധനങ്ങൾ കാലതാമസം കൂടാതെ എത്തിച്ചേരുമെന്ന് ഉറപ്പാക്കാൻ അന്താരാഷ്ട്ര നീതിന്യായ കോടതി ഇസ്രായേലിനോട് ഉത്തരവിട്ടു. ഗാസയിലെ ഫലസ്തീനികൾ മോശമായ ജീവിത സാഹചര്യങ്ങളിലാണ് കഴിയുന്നതെന്നും പട്ടിണിയും ക്ഷാമവും പടരുകയാണെന്നും അന്താരാഷ്ട്ര കോടതി നിരീക്ഷിച്ചു . ഗാസയിൽ ഇസ്രായേൽ ഭരണകൂടത്തിൻ്റെ നേതൃത്വത്തിൽ വംശഹത്യ നടത്തിയെന്ന് ആരോപിച്ച് ദക്ഷിണാഫ്രിക്ക നേരത്തെ നൽകിയിട്ടുള്ള കേസിലാണ് ഈ ആവശ്യവും ഉന്നയിച്ചത്.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## CM - K.RAM MOHAN MEETING

മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രി കെ. റാം മോഹൻ നായിഡുവുമായി കൂടിക്കാഴ്ച നടത്തി . കേരളത്തിലെ വ്യോമ ഗതാഗതവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. ന്യൂ ഡൽഹിയിലെ രാജീവ് ഗാന്ധി ഭവനിൽ നടന്ന കൂടിക്കാഴ്ചയിൽ മന്ത്രി വി. അബ്ദുറഹിമാനും പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## NEHRU TROPHY

എഴുപതാമത് നെഹ്റു ട്രോഫി വള്ളംകളിയിൽ പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുഴഞ്ഞ കാരിച്ചാൽ ചുണ്ടൻ ജേതാവായി. വി ബി സി കൈനകരി ബോട്ട് ക്ലബ് തുഴഞ്ഞ വിയപുരം ചുണ്ടനെ മൈക്രോ സെക്കൻഡുകളുടെ വ്യത്യാസത്തിൽ പിന്തള്ളിയാണ് കാരിച്ചാൽ ജലരാജാവായത്. 16-ാാം തവണയാണ് കാരിച്ചാൽ നെഹ്രു ട്രോഫിയിൽ മുത്തമിടുന്നത്. കുമരകം ടൗൺ ബോട്ട് ക്ലബ് തുഴഞ്ഞ നടുഭാഗം മൂന്നാം സ്ഥാനം നേടി.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## CRICKET-STUMPS

കാൺപൂരിൽ നടക്കുന്ന ഇന്ത്യ- ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന്റെ ഇന്നത്തെ കളി മഴ മൂലം ഉപേക്ഷിച്ചു. ഇന്നലെ ആദ്യ ദിനം കളിയവസാനിച്ചപ്പോൾ ബംഗ്ലാദേശ് മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 107 റൺസ് എന്ന നിലയിൽ ആണ്. ആകാശ് ദീപ് രണ്ട് വിക്കറ്റും രവിചന്ദ്രൻ അശ്വിൻ ഒരു വിക്കറ്റും വീഴ്ത്തി. ചെന്നൈയിൽ നടന്ന ആദ്യ ടെസ്റ്റിൽ ബംഗ്ലാദേശിനെ 280 റൺസിൻ്റെ കൂറ്റൻ സ്കോറിന് തോൽപ്പിച്ച് ഇന്ത്യ 1-0ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബാളിൽ ജംഷഡ്പൂരിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ഒഡീഷ പരാജയപ്പെടുത്തി. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഒഡീഷക്കു വേണ്ടി ഡിയാഗോ മൗറിഷ്യേയും മൗർട്ടാഡോ ഫാളും ഗോളുകൾ

നേടി . ബംഗളുരുവിൽ നടക്കുന്ന രണ്ടാം മൽസരത്തിൽ ബംഗളുരു എഫ് സി, മോഹൻ ബഗാനെ നേരിടും.

&&&&&&&&&&&&&&&&&&

## SHIROOR

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുന് വിട നൽകി ജന്മനാട്. ഭൗതികാവശിഷ്ടങ്ങൾ കോഴിക്കോട് കണ്ണാടിക്കലുള്ള അർജുന്റെ വീട്ട് വളപ്പിൽ സംസ്കരിച്ചു. ആയിരങ്ങളാണ് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയത്. കർണാടകയുടെ ധനസഹായമായി അഞ്ചു ലക്ഷം രൂപയും വ്യക്തിപരമായി ഒരു ലക്ഷം രൂപയും കാർവാർ MLA സതീഷ് കൃഷ്ണ സെയിൽ അർജുൻറെ കുടുംബത്തിന് കൈമാറി. ഇന്ത്യ കണ്ട ഏറ്റവും വലിയ രക്ഷാ ദൗത്യമാണ് ഷിരൂരിൽ അർജനു വേണ്ടി നടത്തിയതെന്ന് MK രാഘവൻ എം.പി. പറഞ്ഞു.

&&&&&&&&&&&&&&&&&&

## SWACHHTA

സ്വച്ഛതാ ഹി സേവാ അഭിയാന്റെ ഭാഗമായുള്ള വിവിധ പരിപാടികൾ രാജ്യത്തുടനീളം പുരോഗമിക്കുന്നു. വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ, ബോധവത്കരണം, ഏക് പേട് മാ കെ നാം- വൃക്ഷത്തൈ നടീൽ തുടങ്ങിയവ നടത്തി വരികയാണ്. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള റബ്ബർബോർഡ്, കോട്ടയം നഗരസഭയിലെ വിവിധയിടങ്ങളിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&